28/12/21
02/12/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,
## തിരുവനന്തപുരം 695 001

ഫോൺ: 0471 2335199, ഫാക്സ്: 0471 2330920
E-mail: sic.ker@nic.in

## ഹർജി നമ്പർ AP No. 593(6)/2021 എസ്.ഐ.സി.

**തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നം.5850/എസ്.ഐ.സി-ജി 5/2021)**

**സന്നിഹിതൻ**

## അഡ്വ.എച്ച്. രാജീവൻ, സംസ്ഥാന വിവരാവകാശ കമ്മീഷണർ

ശ്രീ. ജയിക്കബ് മാത്യൂ,
വടക്കേൽ വീട്,
വടകോട് പി.ഒ,
കങ്ങരപ്പടി – 682 021. } അപ്പീൽ ഹർജിക്കാരൻ

Vs.

1. സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ,
   കളമശ്ശേരി നഗരസഭ,
   കൊച്ചി – 682 033.
2. അപ്പീൽ അധികാരി &
   സെക്രട്ടറി,
   കളമശ്ശേരി നഗരസഭ,
   കൊച്ചി – 682 033.

} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ നൽകിയ തീയതി | 21/10/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 17/11/2020 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 21/12/2020 |
| മറുപടി ലഭ്യമാക്കിയ തീയതി | 12/01/2021 |
| രണ്ടാം അപ്പീൽ അപേക്ഷ നൽകിയ തീയതി | -- |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 07/05/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 08/07/2021 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 10/08/2021 |
| ഹിയറിംഗ് തീയതി & ആസ്ഥാനം | 17/11/2021<br>ടൗൺ ഹാൾ, എറണാകുളം |
| ഹിയറിംഗിലെ സാന്നിധ്യം:<br>ഹർജിക്കാരൻ<br>ഒന്നാം എതിർകക്ഷി | <br>ഹാജരായി<br>ഹാജരായി |

## ഉത്തരവ്

അപ്പീൽ ഹർജിക്കാരനായ ശ്രീ. ജേക്കബ് മാത്യൂ, കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ടിയാന്റെ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി വൈകിയാണ് ലഭ്യമായതെന്നും ആയതിൽ പല ഉത്തരങ്ങളും അപൂർണ്ണമായിരുന്നെന്നും ആയതിനാൽ കമ്മീഷൻ ഇടപെട്ട് അപേക്ഷയ്ക്കുള്ള മറുപടി ലഭ്യമാക്കണമെന്നും സമയപരിധിക്കുള്ളിൽ വിവരാവകാശ അപേക്ഷയ്ക്ക് മറുപടി നൽകാതിരുന്ന എതിർകക്ഷികൾക്കെതിരെ ശിക്ഷാ നടപടികൽ സ്വീകരിക്കണമെന്നുമാണ്.

2. ഹർജിക്കാരൻ ഒന്നാം എതിർകക്ഷി മുമ്പാകെ 21.10.2020 ൽ സമർപ്പിച്ച അപേക്ഷയിൽ ആവശ്യപ്പെട്ടിരുന്നത്,

1) കളമശ്ശേരി മുനിസിപ്പാലിറ്റിയിൽ 1 മുതൽ 42 വാർഡ് വരെയുള്ള പ്രദേശത്ത് നാഷണൽ ഹൈവേ കടന്നു പോകുന്ന വാർഡുകളിൽ എത്ര ബസ്സ് കാത്തിരുപ്പ് ഷെഡുകൾ ഉണ്ടെന്നും

2) ടി ബസ് കാത്തിരുപ്പ് കേന്ദ്രങ്ങളിൽ പരസ്യം ചെയ്തിരിക്കുന്നത് എത്രയെന്നും എവിടെയെല്ലാമുള്ളവായെണെന്നും വാർഡ് തിരിച്ച് നൽകുവാനും

3) പരസ്യം ചെയ്തിരിക്കുന്ന ബസ് കാത്തിരുപ്പ് കേന്ദ്രങ്ങളുടെ പരസ്യ വരുമാനം എത്രയെന്നും ബസ് സ്റ്റോപ്പ് (കാത്തിരുപ്പ് കേന്ദ്രം) നിലവിൽ പരസ്യം ചെയ്തിട്ടുണ്ടോ എന്നും ആയത് വാർഡ് തിരിച്ച് നൽകുക എന്നിങ്ങനെ 9 ഇനങ്ങളിലായുള്ള വിവരങ്ങളാണ്.

3. ഹർജിക്കാരന്റെ 21.10.2020 ലെ വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 17.11.2020 ൽ മറുപടി നൽകിയിരിക്കുന്നതായി കാണുന്നു. ടി മറുപടി തൃപ്തികരമല്ലാത്തതിനാൽ ടിയാൻ 21.12.2020 ൽ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചിട്ടുള്ളതും ടി അപ്പീൽ 12.01.2021 ൽ ഉത്തരവായിട്ടുള്ളതുമാണ്.

4. രണ്ടാം എതിർകക്ഷി 29.07.2021 തീയതി വച്ച് കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്, ഹർജിക്കാരന്റെ 21.10.2020 ലെ അപേക്ഷയ്ക്ക് 17.11.2020 ൽ മറുപടി നൽകിയിട്ടുള്ളതാണെന്നും ടി മറുപടി തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ 21.12.2020 ൽ അപ്പീൽ സമർപ്പിച്ചതെന്നും ടി അപ്പീൽ 06.01.2021 ൽ ഹർജിക്കാരനെ നേരിൽ കേട്ട് മൊഴി രേഖപ്പെടുത്തിയിട്ടു

ള്ളതും സമയബന്ധിതമായി അപ്പീൽ അപേക്ഷ തീർപ്പാക്കിയിട്ടുള്ളതുമാണെന്നാണ്. അപേക്ഷകന്റെ സുദീർഘവും സങ്കീർണ്ണവുമായ ചോദ്യങ്ങൾക്ക് പൊതു അധികാരിയുടെ കൈവശത്തിലും നിയന്ത്രണത്തിലുമുള്ള വിവരങ്ങൾ ലഭ്യമാക്കിയിട്ടുള്ളതാണെന്നും നഗരസഭ ഫസ്റ്റ് ഗ്രേഡ് മുനിസിപ്പാലിറ്റി ആണെങ്കിലും അതനുസരിച്ച് ക്ലർക്കുമാർ നഗരസഭയിൽ ലഭ്യമല്ലെന്നും കൂടാതെ സാധാരണ ജോലികൾക്ക് പുറമേ സമയബന്ധിതമായി തീർക്കേണ്ട 2020 ലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള പൊതു തിരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് വോട്ടർ പട്ടികയിൽ പേര് ചേർക്കൽ, നീക്കം ചെയ്യൽ, അന്വേഷണം നടത്തി ഹിയറിംഗ് നടപടികൾ പൂർത്തീകരിക്കൽ, വോട്ടർ പട്ടിക പ്രസിദ്ധീകരിക്കൽ, 42 വാർഡുകളിലേക്കുള്ള പോളിംഗ് സ്റ്റേഷൻ ക്രമീകരിക്കൽ തുടങ്ങിയ ജോലികൾക്ക് നഗരസഭയിലെ മുഴുവൻ ജിവനക്കാരെയും ഉപയോഗിക്കേണ്ടി വന്ന സാഹചര്യത്തിലാണ് ഹർജിക്കാരന് മറുപടി നൽകാൻ കാലതാമസം നേരിട്ടതെന്നാണ് റിപ്പോർട്ടിൽ പ്രസ്താവിച്ചിരിക്കുന്നത്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്കും അപ്പീൽ അപേക്ഷയ്ക്കും മറുപടി നൽകിയിട്ടുള്ളതായി കാണുന്നു. ആയത് തൃപ്തികരമല്ലാത്തതിനാലാണ് ടിയാൻ കമ്മീഷൻ മുമ്പാകെ അപ്പീൽ സമർപ്പിച്ചതായി കാണുന്നത്. 17.11.2021 ൽ കമ്മീഷൻ എറണാകുളം ടൗൺ ഹാളിൽ വച്ച് നടത്തിയ ഹിയറിംഗിൽ ഇരു കക്ഷികളും ഹാജരായി മൊഴി നൽകിയിട്ടുള്ളതാണ്. 17.11.2020 തീയതി രേഖപ്പെടുത്തിയ വിവരാവകാശ അപേക്ഷയുടെ മറുപടി 28.11.2020 ലാണ് ഹർജിക്കാരന് ലഭ്യമായത് എന്നാണ് ടിയാന്റെ മൊഴിയിൽ പറയുന്നത്. വിവരാവകാശ അപേക്ഷയ്ക്കു മറുപടി നൽകുന്നതിൽ ഉണ്ടായ കാലതാമസത്തെ സംബന്ധിച്ച് എതിർകക്ഷി നൽകിയിരിക്കുന്ന വിശദീകരണം അംഗീകരിക്കാതിരിക്കുന്നതിനുള്ള കാരണം ഒന്നും തന്നെ കാണുന്നില്ല. ഹർജികക്ഷി നൽകിയ അപേക്ഷയ്ക്ക് എസ്.പി.ഐ.ഒ നൽകിയ മറുപടി അവ്യക്തവും അപൂർണ്ണവുമായിട്ടാണ് കാണുന്നത്. 1-ാമത്തെ ചോദ്യത്തിൽ ആവശ്യപ്പെട്ട വിവരം കുറെക്കൂടി വ്യക്തമായി നൽകണം. 2, 3, 4 ചോദ്യങ്ങൾക്ക് നൽകിയിട്ടുള്ള മറുപടി വിവരാവകാശ നിയമപ്രകാരം അംഗീകരിക്കുവാൻ കഴിയുന്നതല്ല. എന്തുകൊണ്ടാണ് അപ്രകാരം പറയാൻ ഇടയായത് എന്ന് വ്യക്തമാക്കി മറുപടി നൽകണം.

ടിയാന്റെ 7-ാമത്തെ ചോദ്യത്തിന് നൽകിയിട്ടുള്ള മറുപടി വ്യക്തമായി നൽകേണ്ട താണ്. വിവരാവകാശ അപേക്ഷ നിരസിക്കുമ്പോഴോ മറുപടി നൽകാൻ കഴി യാതെ വരുമ്പോഴോ എന്തുകൊണ്ടാണ് അപ്രകാരം മറുപടി നൽകാൻ കഴിയാ ത്തത് എന്ന വിവരം വ്യക്തമാക്കി നൽകണം. 'ബാധകമല്ല', 'ലഭ്യമല്ല' തുടങ്ങിയ മറുപടികൾ അംഗീകരിക്കുവാൻ കഴിയുന്നവയല്ല എന്നത് ഇൻഫർമേഷൻ ഓഫീ സർ പ്രത്യേകം ശ്രദ്ധിക്കണം. വിവരാവകാശ ചോദ്യങ്ങൾക്ക് പൊതു അധികാരി യുടെ കൈവശത്തിലും നിയന്ത്രണത്തിലും ഉള്ള വിവരങ്ങൾ മേൽചൂണ്ടികാണി ച്ചിരിക്കുന്ന പ്രകാരം ഹർജിക്കാരന്റെ വിവരാവകാശ അപേക്ഷയ്ക്ക് വ്യക്തതയു ള്ളതും പൂർണ്ണമായതുമായ മറുപടി ഈ ഉത്തരവ് ലഭിച്ച് 10 ദിവസത്തിനകം ഹർജികക്ഷിക്കു നൽകേണ്ടതാണ്.

6. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ, ഈ അപ്പീൽ ഹർജി കമ്മീ ഷൻ ഇന്നേ ദിവസം 2021 ഡിസംബർ മാസം 2-ാം തീയതി തീർപ്പാക്കി ഉത്തരവാ കുന്നു.

(ഒപ്പ്)

**അഡ്വ. എച്ച്. രാജീവൻ**
**സംസ്ഥാന വിവരാവകാശ കമ്മീഷണർ**

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

**സാക്ഷ്യപ്പെടുത്തിയ പകർപ്പ്**

**അഡീഷണൽ സെക്രട്ടറി (നിയമം)**

vkm